## (5). ആറന്മുള സെന്റ് എഡ്വേർഡ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

ഇടവക രൂപീകരണ പ്രവർത്തനങ്ങളുടെ തുടക്കം പുത്തൻകാവിനും ഇലന്തൂരിനുമിടയിൽ കത്തോലിക്കാപള്ളിയില്ലാത്ത സാഹചര്യത്തിൽ ഒരു മിഷൻ സ്ഥാപിക്കുന്നതിനെപ്പറ്റി ഒ.ജി.ഫിലിപ്പ് ഊര്യക്കുന്നത്ത് (ആറന്മുള) ചാക്കോച്ചൻ (പൂവത്തൂർ), ഉണ്ണിസാർ വെളുത്തേടത്ത് (ആറന്മുള), അവറാച്ചൻ നക്കിരേത്ത്, നെല്ലിക്കൽ (ആറാട്ടുപുഴ) എന്നിവർ പുത്തൻകാവ് ഏബ്രഹാം തെക്കേടത്ത് അച്ചനുമായി കൂടിയാലോചിച്ച് ആറന്മുളയിൽ ആയാൽകൊള്ളാം എന്ന ഏകാഭിപ്രായത്തിലെത്തി. ഈ വിവരം തിരുവനന്തപുരം ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിനെ ധരിപ്പിച്ച് കൂടിയാലോചനകൾ നടത്തി.

തത്ഫലമായി 1982 ജൂൺ 6-ാം തീയതി ആറന്മുള ഊര്യക്കുന്ന് ശ്രീ. ഒ.ജി.ഫിലിപ്പിന്റെ ഭവനത്തിൽവച്ച് ആഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ മഹനീയ സാന്നിധ്യത്തിൽ ഒരു ആലോചനായോഗം നടന്നു. 50ൽപ്പരം ആളുകൾ യോഗത്തിൽ പങ്കെടുത്തു. ആറന്മുള കേന്ദ്രീകരിച്ച് ഒരു പുതിയ മിഷൻ പ്രവർത്തിക്കണമെന്ന് തീരുമാനിച്ചു. മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്കായി ഏബ്രഹാം തെക്കേടത്തച്ചനെ ചുമതലപ്പെടുത്തി.

കുറച്ചുനാൾ വി.കുർബാനയും സണ്ടേസ്കൂളും ഊര്യക്കുന്നത്ത് ഭവനത്തിൽവച്ചും പിന്നീട് പുതുപ്പറമ്പിൽ (തുണ്ടിയത്ത്) രാജന്റെ ഭവനത്തിൽ വച്ചും നടന്നു. അച്ചനോടൊപ്പം സി.യൗസേബിയ എസ്.ഐ.സി., സി. തേജസ്സ് എന്നിവർ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി.

ഇടവകയായി രൂപപ്പെട്ട ആദ്യപള്ളി, 1985 ജനുവരി 6-ാം തീയതി ഈ ദേവാലയം തിരുവനന്തപുരം ആർച്ചുബിഷപ്പായിരുന്ന ആഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ കൂദാശ ചെയ്യപ്പെട്ട് ദേശത്തിന് സമർപ്പിച്ചു. ഇടവകയുടെ രൂപീകരണത്തിന് ഏബ്രഹാം തെക്കേടത്തച്ചനായിരുന്നു (പുത്തൻകാവ്) നേതൃത്വം നല്കിയത്.

ഇടവകയിൽ ശുശ്രൂഷ ചെയ്ത സിസ്റ്റേഴ്സ് -

സി. യൗസേബിയ എസ്.ഐ.സി.

സി. തേജസ്സ് എസ്.ഐ.സി.

സി. അഞ്ജലീന എസ്.ഐ.സി.

സി. ദീപ എസ്.ഐ.സി.

സി. ഹക്കിം എസ്.ഐ.സി.

സി. ചൈതന്യ എസ്.ഐ.സി.

സി. നിർമ്മൽ എസ്.ഐ.സി.

സി. ഗ്രേസ് എസ്.ഐ.സി.

സി. സൗശീല്യ എസ്.ഐ.സി.

സി. സൂധ എസ്.ഐ.സി.

സി. മീഖാ എസ്.ഐ.സി.

സി. ചൈതന്യ എസ്.ഐ.സി.

ഇന്നത്തെ ദേവാലയം 4/2007 മദ്ബഹാ പുതുക്കി പണിയുകയും പള്ളിക്ക് സീലിംഗ് തറയ്ക്കുകയും ചെയ്തത് മാത്യു പുത്തൻപുരയ്ക്കൽ അച്ചന്റെ നേതൃത്വത്തിലാണ്. കാലപ്പഴക്കത്തിൽ മേൽക്കൂര നശിച്ച സാഹ

ചര്യത്തിൽ പള്ളിയുടെ മേൽക്കൂര മൊത്തം പൊളിച്ചുമാറ്റി റൂഫിംഗ് ചെയ്ത്, പള്ളി പെയിന്റിംഗ് ചെയ്തു ഭംഗിയാക്കിതീർത്തത് തോമസ് ചിറയത്ത് അച്ചന്റെ നേതൃത്വത്തിലാണ്. 2015 ജൂലൈ 28ന് അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി പള്ളിയുടെ കൂദാശയും നിർവഹിച്ചു.

പള്ളി ആരംഭിച്ച വർഷം - 1982 ജൂൺ മാസം ഊര്യാക്കുന്നത്ത് ശ്രീ. ഒ.ജി.ഫിലിപ്പിന്റെ വസതിയിൽ വച്ച് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ മഹനീയ സാന്നിദ്ധ്യത്തിൽ പുതിയ ഇടവക മിഷൻ ആരംഭിച്ചു. പള്ളിക്കായി വാങ്ങിയ 10 സെന്റ് സ്ഥലത്ത് 1984-ൽ പള്ളി പണി പൂർത്തിയായി. അഭിവന്ദ്യ ലോറൻസ് മാർ അപ്രേം തിരുമേനിയാണ് കല്ലിടീൽ കർമ്മം നിർവഹിച്ചത്.

ഇടവക മദ്ധ്യസ്ഥൻ - വിശുദ്ധ എഡ്വേർഡ്

ഇടവക തിരുനാൾ - ഒക്ടോബർ 13

കൂദാശ നിർവഹിച്ച തിരുമേനി - അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി

ഇടവകയ്ക്ക് നേതൃത്വം നല്കിയ അല്മായ സഹോദരങ്ങൾ-

ശ്രീ. ഒ.ജി.ഫിലിപ്പ് ഊര്യക്കുന്നത്ത്, ആറന്മുള

ശ്രീ. എം.എം.തോമസ് തുരുത്തിമേലേതിൽ, ഇടയാറന്മുള

ശ്രീ. റ്റി.സി. ചാക്കോ തുരുത്തിപുത്തൻവീട്, ഇടയാറന്മുള

ശ്രീ. കെ.പി. വർഗീസ് ബിജോയ് വില്ല, ആറന്മുള

ശ്രീ. എ.അലക്സ് കാക്കനാട്ട്

ഇടവകയിൽ ആകെ - 23 കുടുംബങ്ങൾ

ഇടവകയിൽ അഭിവന്ദ്യ പിതാക്കന്മാരുടെ സന്ദർശനം -

1. അഭിവന്ദ്യ ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് - 1982
2. അഭിവന്ദ്യ ലോറൻസ് മാർ അപ്രേം - 1984
3. അഭിവന്ദ്യ ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് - 1985
4. അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് - 2002
5. അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് - 2008
6. അഭിവന്ദ്യ ഗീവർഗീസ് മാർ തീമോത്തിയോസ് - 2008
7. അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം - 2012
8. അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം - 2015
9. അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം - 2016
10. അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് - 2018
11. അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം - 2018
12. അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് - 2018

ഇടവകയിൽ സേവനം അനുഷ്ഠിച്ച വൈദികർ -

| | | |
|---|---|---|
| 1. ഫാ. ഏബ്രഹാം തെക്കേടത്ത് | - | 1982 - 1987 |
| 2. ഫാ. ജോസഫ് കൈപ്പള്ളിൽ | - | 1987 - 1989 |
| 3. ഫാ. ഈപ്പൻ കപ്ലാശ്ശേരിൽ | - | 1989 - 1991 |
| 4. ഫാ. മാത്യു കയ്യാലയ്ക്കൽ | - | 1991 - 1993 |
| 5. ഫാ. മാത്യു ഇലഞ്ഞിക്കൽ | - | 1993 - 1995 |
| 6. ഫാ. മാത്യു കയ്യാലയ്ക്കൽ | - | 1995 - 1996 |
| 7. ഫാ. ജേക്കബ് കിഴക്കുംകര | - | 1996 - 2000 |
| 8. ഫാ. നെൽസൺ വലിയവീട്ടിൽ | - | 2000 - 2003 |
| 9. ഫാ. റോയി ജോർജ്ജ് വയലിക്കത്ത് | - | 2003 - 2005 |
| 10. ഫാ. മാത്യു പുത്തൻ പുരയ്ക്കൽ | - | 2005 - 2007 |
| 11. ഫാ. സഖറിയാസ് പുഷ്പവിലാസം | - | 2007 - 2008 |
| 12. ഫാ. വൽസൻ ആലുവിളകിഴക്കേതിൽ | - | 2008 - 2009 |
| 13. ഫാ. കോശി അയ്യനേത്ത് | - | 2009 - 2010 |
| 14. ഫാ. ജോസഫ് തുണ്ടിയൂഴത്തിൽ | - | 2010 - 2012 |
| 15. ഫാ. ജോഷ്വാ മാവേലിൽ | - | 2012 - 2013 |
| 16. ഫാ. ജോൺ ചക്കുളേടത്ത് | - | 2013 - 2015 |
| 17. ഫാ. തോമസ് ചിറയത്ത് | - | 2015 - 2018 |
| 18. ഫാ. സാന്റോ കാലായിൽ | - | 2018 - 2019 |
| 19. ഫാ. റോബിൻ മനയ്ക്കലേത്ത് | - | 2019 |
| 20. ഫാ. വർഗീസ് ചാമക്കാലായിൽ | - | 2019- |

മാതൃസംഘം - ആദ്യ നാളുകൾ മുതൽ തന്നെ മാതൃസംഘം പ്രവർത്തനമാരംഭിച്ചു. മറിയാമ്മ വർഗീസ്, ബിജോയ് വില്ല (പ്രസിഡന്റ്), ആലീസ് ബെന്നി (സെക്രട്ടറി), മോളി യേശുദാസ് (ട്രഷറാർ) എന്നിവർ ഭാരവാഹികളായിരുന്നു.

വിൻസന്റ് ഡി പോൾ - 01/06/1997 കോഫറൻസ് ആരംഭിച്ചു. ഏരിയാ കൗസിൽ ചെങ്ങന്നൂർ, ആദ്യത്തെ പ്രസിഡന്റ് കെ.പി.വർഗീസ്, ബിജോയി വില്ല. 2000 -ൽ അഗ്രിഗേഷനും 2005 ട്വിഞ്ചേജ്ജും ലഭിച്ചു.